17

റഫ്.കെ.13033/17

സബ് കലക്ടരുടെ കാര്യാലയം .
തലശ്ശേരി. തീയ്യതി 29/08/2017

KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS
KERALA • THIRUVANANTHAPURAM
9201
DATE 02/9/17

പ്രേഷകൻ

സബ് കലക്ടർ .
തലശ്ശേരി

സ്വീകർത്താവ്

രജിസ്ട്രാർ,
കേരള സ്റ്റേറ്റ് ബാലാവകാശ സംരക്ഷണ കമ്മീഷൻ
വാൻ റോസ് ജംഗ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ.
തിരുവനന്തപുരം- 695 034

സർ,

വിഷയം:- അനധികൃതമായി വയൽ പ്രദേശം മണ്ണിട്ടു നികത്തൽ - തലശ്ശേരി താലൂക്ക് വേക്കളം വില്ലേജ് വായന്നൂർ എൽ.പി. സ്കൂളിനു സമീപം മണ്ണിട്ടു നികത്തിയത് സംബന്ധിച്ച്

സൂചന അങ്ങയുടെ 08.08.2017 തീയ്യതിയിലെ സിആർഎംപി നം. 2920/13/സി2-2016/കെ.ഇ.എസ്.സി.പി.സി.ആർ നം.നോട്ടീസ്.

മേൽ സൂചനയിലേക്ക് അങ്ങയുടെ മഹനീയ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. തലശ്ശേരി താലൂക്ക് വേക്കളം അംശം, വായന്നൂർ ദേശത്ത് റീസർവ്വെ 28 ൽ പ്പെടുന്നതും ഗവ.എൽ.പി. സ്കൂൾ വായന്നൂർ സ്ഥിതി ചെയ്യുന്നതുമായ സ്ഥലത്തിന്റെ സമീപത്തുള്ള സ്ഥലങ്ങളിൽ അനധികൃതമായി മണ്ണിട്ട് നികത്തിയതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ട പരാതിയിന്മേൽ തലശ്ശേരി അഡീഷണൽ തഹസിൽദാർ മുഖേന അന്വേഷണം നടത്തിയതിൽ അറിയാൻ കഴിഞ്ഞ വിവരം താഴെ പറയും പ്രകാരമാണെന്ന് റിപ്പോർട്ട് ചെയ്യുന്നു.

തലശ്ശേരി താലൂക്ക് വേക്കളം അംശം വായന്നൂർ ദേശത്ത്, റി.സ. 28 ൽ പ്പെട്ടതും വയൽ നികത്തി 2002 ൽ പണിതതുമായ കെട്ടിടത്തിലാണ് വായന്നൂർ ഗവ.എൽ.പി. സ്കൂൾ പ്രവർത്തിക്കുന്നത്. ടി സ്കൂളിലെ ഇടത് വശത്ത് പേരാവൂർ-വായന്നൂർ പഞ്ചായത്ത് റോഡും, മറ്റു മൂന്നു വശങ്ങളിൽ സ്വകാര്യ വ്യക്തികളുടെ വസ്തുവുമാണ്. സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം പഞ്ചായത്ത് റോഡിൽ നിന്നും ഏകദേശം 1 മീറ്റർ താഴ്ന്നു കിടക്കുന്നതും നാലു വശങ്ങളിലും ചുറ്റുമതിൽ നിർമ്മിച്ച സ്ഥിതിയിലുമാണുള്ളത്.

സ്കൂളിന്റെ പടിഞ്ഞാറ് ഭാഗം മാങ്ങാടൻ സന്തോഷ് എന്നവരുടെ കൈവശത്തിലുള്ളതും ടി സ്ഥലത്ത് 20 മുതൽ 26 വർഷം വരെ പ്രായമായ

തെങ്ങുകളും ,കവുങ്ങുകളും മഹാഗണി മരവും ഉള്ളതായും,. സ്കൂളിന്റെ മതിൽ കെട്ടിനകത്തേക്ക് വെള്ളം കയറാതിരിക്കുവാൻ ചുറ്റുമതിലിനോട് ചേർന്ന് രണ്ട് അടി വീതിയിൽ ചെങ്കല്ല് കൊണ്ട് ഓവുചാൽ നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ വടക്കുഭാഗത്ത് ശ്രീമതി പന്നിക്കുങ്ങോട്ട് ബിന്ദു എന്നവരുടെ വസ്തുവാണ്. ടി വസ്തുവിന്റെ തെക്ക് വശത്ത് സ്ക്കൂൾ മതിലിനോട് ചേർന്ന് രണ്ട് അടി വീതിയിൽ വെള്ളം ഒഴുകിപ്പോകുന്നതിന് ഓവുചാൽ നിർമ്മിച്ചിട്ടുണ്ട്.

നിലവിൽ സ്ക്കൂളിന്റെ കിഴക്കുവശത്തുള്ള റോഡിൽ നിന്നും ഒഴുകി വരുന്ന മഴവെള്ളവും ,സ്ക്കൂളിന്റെ കോമ്പൗണ്ടിൽ പെയ്യുന്ന മഴവെള്ളവും, കോമ്പൗണ്ടിൽ കെട്ടി നിൽക്കാറുണ്ട്. നിലവിൽ വസ്തുവിന്റെ പടിഞ്ഞാറും, വടക്കും ഭാഗത്തായി നിലം നികത്തിയ കൈവശക്കാർ കൃത്യമായി വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ചാലുകൾ കീറിയതിനാൽ കോമ്പൗണ്ടിൽ കൂടുതലായി വെള്ളം കെട്ടി കിടക്കുന്നില്ല.

കൂടാതെ കോളയാട് ഗ്രാമപഞ്ചായത്ത് പ്രശ്ന പരിഹാരത്തിനായി സ്ക്കൂൾ കോമ്പൗണ്ടിൽ ഇന്റർ ലോക്ക് ചെയ്യാനും, മുറ്റത്തിന് ഷെയ്ഡ് നിർമ്മിക്കാനും തീരുമാനിച്ചതായും അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള വിവരവും റിപ്പോർട്ട് ചെയ്യുന്നു.

*വിശ്വസ്തതയോടെ*

*(ഒപ്പ്)*

സബ് കലക്ടർ, തലശ്ശേരി

ഉത്തരവിൻപ്രകാരം /-

ജൂനിയർ സൂപ്രണ്ട്